**August: 3**

# KGBEU OU ബുള്ളറ്റിൻ 38/2022

സഖാക്കളെ,

കാലാവസ്ഥ പലയിടത്തും വളരെ പ്രതികൂലമാണ്. കഴിഞ്ഞ കുറച്ചു വർഷങ്ങളായി കാലവർഷക്കെടുതി മൂലവും വെള്ളപ്പൊക്കം കാരണവും വ്യാപകമായ നാശനഷ്ടമാണ് നമ്മുടെ സംസ്ഥാനത്ത് സംഭവിച്ചു കൊണ്ടിരിക്കുന്നത്. അതിൽ നമ്മുടെ ജീവനക്കാർക്കും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ഇത്തവണയും കാലാവസ്ഥ പ്രതികൂലമായതിനാൽ പലയിടത്തും അലർട്ടുകൾ പ്രഖ്യാപിച്ചിരിക്കുകയാണ്. നമ്മുടെ ജീവനക്കാർ മുഴുവനാളുകളും സുരക്ഷിതരായിരിക്കാൻ ശ്രദ്ധിക്കണം. ആർക്കെങ്കിലും ഏതുവിധത്തിലുള്ള ആവശ്യം വന്നാലും പരസ്പരം സഹായിക്കാൻ സന്നദ്ധരാവുകയും എന്താവശ്യം വരികയാണെങ്കിലും സംഘടനയെ ബന്ധപ്പെടുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ